കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മാവേലിക്കര നഗരസഭ - ഉദ്യോഗസ്ഥർക്കെതിരായ ആരോപണം - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ആർ. രാഹേഷ് കുമാറിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1539/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 18.06.2014

=====================================================================

പരാമർശം:- 1) വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ ഡയറക്ടറുടെ 15.10.2012-ലെ E4(SC 33/11/ALP)16930/2011 നമ്പർ കത്ത്.
2) 21.08.2013 തീയതിയിലെ 49105/ഇയു1/13/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. ആർ. രാഹേഷ് കുമാറിന്റെ 22.10.2013 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 01.01.2014-ലെ വി1-15207/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മാവേലിക്കര നഗരസഭയിലെ ഉദ്യോഗസ്ഥൻ കൈക്കൂലി ആവശ്യപ്പെട്ടതായ ഇ-മെയിൽ മുഖേനയുള്ള ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ആലപ്പുഴ യൂണിറ്റ് 24.8.2011 തീയതിയിൽ മാവേലിക്കര നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

1. മുനിസിപ്പൽ സെക്രട്ടറി ഔദ്യോഗിക ആവശ്യത്തിന് തിരുവനന്തപുരത്ത് പോയതായി ജൂനിയർ സൂപ്രണ്ട് പറഞ്ഞിട്ടുള്ളതിന് മതിയായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.
2. പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചില്ല.
3. മൂവ്മെന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.
4. ശ്രീ. ദിലീപ് കോശി ജോൺ, സുധീപ് സക്കറിയ ജോൺ എന്നിവരുടെ പെർമിറ്റ് അപേക്ഷയിൽ സെക്രട്ടറി ആവശ്യപ്പെട്ട റിപ്പോർട്ട് നൽകുന്നതിന് സെക്ഷൻ ക്ലാർക്ക് അഷറഫ് മന:പ്പൂർവ്വം കാലതാമസം വരുത്തി.

5. കെട്ടിട നിർമ്മാത്തിനായുള്ള അപേക്ഷ ലഭിച്ചാൽ ആയത് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത വിവരം അപേക്ഷകനെ 30 ദിവസത്തിനുള്ളിൽ രേഖാമൂലം അറിയിക്കണമെന്ന നിയമം പാലിക്കപ്പെട്ടില്ല.

പ്രസ്തുത ക്രമക്കേടുകൾക്ക് കൃത്യനിർവ്വഹണത്തിലെ മേൽനോട്ടക്കുറവിന് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രാഹേഷ് കുമാറിന് പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ നൽകിയിരുന്നു.

കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ. ആർ. രാഹേഷ് കുമാർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ മാവേലിക്കര നഗരസഭാ ചെയർമാന്റെ ഫയലിലെ നിർദ്ദേശ പ്രകാരം സെക്രട്ടറിയേറ്റിലും, മുനിസിപ്പൽ ചെയർമാൻ ചേംബർ പ്രസിഡന്റിന്റെ ഓഫീസിലും 24.08.2011 തീയതിയിൽ പോയിരുന്നതിനാലാണ് വിജിലൻസ് പരിശോധനാ ദിവസം ഓഫീസിൽ ഉണ്ടാകാതിരുന്നതെന്നും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിപാലിക്കുന്നതിനും മൂവ്മെന്റ് രജിസ്റ്റർ പീരിയോഡിക്കലായി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും KMA സെക്ഷൻ 50(2) പ്രകാരം ജനറൽ സെക്ഷൻ സൂപ്രണ്ടിന് ഡെലിഗേഷൻ നൽകിയിട്ടുണ്ടെന്നും, ശ്രീ. ദിലീപ് കോശി ജോൺ, സുധീപ് സക്കറിയ ജോൺ എന്നിവരുടെ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയിൽ ടിയാളുകൾ മാത്രമാണ് ഒപ്പുവെച്ചിരുന്നതെന്നും എന്നാൽ വിൽപത്രപ്രകാരം മാതാവ് റെയ്ച്ചൽ ജോണിന്റെ മരണശേഷം മാത്രമേ അപേക്ഷകരായുള്ള ആൺമക്കളുടെ പേരിൽ അവകാശമുണ്ടാവുക എന്നതിനാൽ 1999-ലെ KMBR ചട്ടം 6 ഉപചട്ടം 4 പ്രകാരം അപേക്ഷയിൽ അമ്മയും രണ്ട് ആൺമക്കളും ഒപ്പു വെയ്ക്കാതിരുന്നതിൽ സംശയം തോന്നി ഫയൽ റവന്യു വിഭാഗത്തിന്റെ റിപ്പോർട്ടിനായി അയയ്ക്കുകയുണ്ടായതായും, ബന്ധപ്പെട്ട കക്ഷികൾക്ക് തെറ്റ് ബോധ്യപ്പെട്ട് ഉടമസ്ഥാവകാശം മാറ്റുന്നതിന് കക്ഷി നഗരസഭയിൽ അപേക്ഷ സമർപ്പിച്ചതിനാലുമാണ് കാലതാമസം ഉണ്ടായിട്ടുള്ളതെന്നും, പ്രസ്തുത അപേക്ഷയുടെ തീർപ്പാക്കൽ പുരോഗതി, അപേക്ഷകർ ഓഫീസിൽ നിന്നും നിരന്തരം അന്വേഷിച്ചു വരുന്നതിനാലാണ് അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്ത വിവരം അറിയിക്കാതിരുന്നതെന്നും ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ച പറ്റിയിട്ടില്ലെന്നും, ബോധിപ്പിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ അപേക്ഷ സമർപ്പിച്ചിരുന്ന അവസരത്തിൽ തങ്ങൾക്ക് പറ്റിയ തെറ്റ് ബോദ്ധ്യപ്പെട്ടു ടി സർവ്വെ നമ്പർ വസ്തുവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് കക്ഷി 29.6.2011-ൽ നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ആയതു മൂലമാണ് താമസം നേരിട്ടതെന്ന് കാണുന്നതായും ടി കെട്ടിട നിർമ്മാണ അപേക്ഷ നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ തീർപ്പാക്കാതിരിക്കുന്നതിൽ നഗരസഭയുടെ ഭാഗത്തു നിന്നും ബോധപൂർവ്വമായ ഒരു കാലതാമസം വരുത്തിയിട്ടില്ല എന്നും നിലവിലുള്ള നിയമങ്ങൾ പ്രകാരം ഹാജരാക്കേണ്ട രേഖകൾ ഹാജരാക്കുന്നതിന് അപേക്ഷകന് പറ്റിയ വീഴ്ചയാണ് ഇപ്രകാരം കാലതാമസത്തിന് കാരണമായിട്ടുള്ളത് എന്നും കാണുന്നതായും ഈ സാഹചര്യത്തിൽ ശ്രീ. രാഹേഷ് കുമാറിന്റെ മറുപടി അനുഭാവ പൂർവ്വം പരിഗണിക്കാം എന്നും നഗരകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. രാഹേഷ് കുമാറിന്റെ പ്രതിവാദ പത്രികയിലെ അപേക്ഷ പരിഗണിച്ച് ടിയാനെ സർക്കാർ പ്രതിനിധി 12.02.2014-ൽ നേരിൽ കേട്ടു. മിന്നൽ പരിശോധനയിൽ പരാതിയ്ക്ക് ഉപോൽബലകമായ ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ക്രമക്കേടുകൾ സംബന്ധിച്ച് നേരിൽ കേട്ടതിൽ ബോധപൂർവ്വമായ ഒരു വീഴ്ച സെക്രട്ടറിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതായി മനസ്സിലാകുന്നില്ല. പരാതിയ്ക്കാധാരമായ കാലതാമസം വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച റവന്യൂ വിഭാഗത്തിലേയ്ക്ക് ഫയൽ അയയ്ക്കേണ്ടതിനാലാണെന്നും മറ്റു ക്രമക്കേടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മുനിസിപ്പൽ സെക്രട്ടറി ബോധിപ്പിച്ചിട്ടുള്ളതും, നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സേവനത്തിൽ ഒരു വർഷത്തിൽ കുറഞ്ഞ കാല ദൈർഘ്യം മാത്രമുള്ള സെക്രട്ടറിയിൽ നിന്നും ഇക്കാര്യത്തിലുണ്ടായിട്ടുള്ള വീഴ്ച മാപ്പാക്കി മാവേലിക്കര നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ആർ. രാഹേഷ് കുമാറിനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് മേൽ നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവിൻ പ്രകാരം,**
**പി. റംലത്ത്,**
**അണ്ടർ സെക്രട്ടറി**

അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഓഡിറ്റ്, തൃശൂർ ബ്രാഞ്ച്
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, മാവേലിക്കര നഗരസഭ.
ശ്രീ.ആർ. രാഹേഷ് കുമാർ, സെക്രട്ടറി, ചേർത്തല നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**